'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ - ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്- വിവിധ സർക്കാർ ലോവർ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കും അങ്കണവാടി കുട്ടികൾക്കും സ്റ്റീൽ വാട്ടർ ബോട്ടിൽ വാങ്ങി നൽകുന്നതിനുള്ള 'നീർമാതളം' പദ്ധതിയ്ക്ക് അംഗീകാരം നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.20/2020/LSGD തീയതി,തിരുവനന്തപുരം, 03/01/2020

---

പരാമർശം:- 1 ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.10.2019-ലെ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ ചേർന്ന യോഗത്തിലെ 4.46-ാം നമ്പർ തീരുമാനം

## ഉത്തരവ്

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ വിവിധ സർക്കാർ ലോവർ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കും അങ്കണവാടി കുട്ടികൾക്കും സ്റ്റീൽ വാട്ടർ ബോട്ടിൽ വാങ്ങി നൽകുന്നതിനായി 11,00,000/-രൂപ അടങ്കൽ തുകയിൽ ആവിഷ്കരിച്ച 'നീർമാതളം' പദ്ധതിയ്ക്ക് മാർഗ്ഗരേഖയിൽ പരാമർശമില്ലാത്ത ഇനമായതിനാൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ അംഗീകാരം ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസർ അപേക്ഷിക്കുകയുണ്ടായി. 06.12.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി യോഗം ഇക്കാര്യം പരിഗണിക്കുകയും പരാമർശം (2) പ്രകാരം അനുമതി നൽകാൻ തീരുമാനിക്കുകയുമുണ്ടായി.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് നടപ്പ് വർഷം ആവിഷ്കരിച്ച പ്രോജക്റ്റ് നം.എസ്.ഒ.08/20 ആയുള്ള 'നീർമാതളം' (ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ സർക്കാർ ലോവർ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കും അങ്കണവാടി കുട്ടികൾക്കും സ്റ്റീൽ വാട്ടർ ബോട്ടിൽ വാങ്ങി നൽകൽ) എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEKALA T.P.

UNDER SECRETARY

പകർപ്പ്:പ്രസിഡണ്ട്/സെക്രട്ടറി, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്,ആലപ്പുഴ

ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വെബ്&ന്യൂ മീഡിയ, ഐ&പിആർഡി

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.01.0? 11:02:21 IST
Reason: Approved

സെക്ഷൻ ഓഫീസർ